**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 25-09-2024
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം. - I/394924/2024**

വിഷയം: എക്സൈസ് വകുപ്പ് - വകുപ്പിലെ വിവിധ ഓഫീസുകളിൽ ലഭിക്കുന്ന രഹസ്യ വിവരങ്ങൾ രേഖപ്പെടുത്തുന്നതും അവയിന്മേൽ തുടർ നടപടി സ്വീകരിയ്ക്കുന്നതും - മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നതു സംബന്ധിച്ച്.

സൂചന: അക്കൌണ്ടന്റ് ജനറലിന്റെ 02-08-2024 തീയതിയിലെ DO No. Report (AMG-I) DP 4733/2023-24/35 നമ്പർ റിപ്പോർട്ട് .

എക്സൈസ് വകുപ്പിലെ വിവിധ ഓഫീസുകളിലേക്ക് എക്സൈസ് ഇന്റലിജൻസ്& ഇൻവെസ്റ്റിഗേഷൻ ബ്യൂറോയിൽ നിന്നും, പൊതുജനങ്ങളിൽ നിന്നും മറ്റും ലഭ്യമാകുന്ന രഹസ്യ വിവരങ്ങളും ആയവയിൻമേൽ സ്വീകരിച്ച തുടർ നടപടികളും യഥാവിധി രേഖപ്പെടുത്തുന്നില്ല എന്നും, എല്ലാ രഹസ്യ വിവരങ്ങളിന്മേലും തുടർ നടപടികൾ ഉണ്ടാകുന്നില്ലാ എന്നും, വിവിധ ശ്രേണികളിലുള്ള ഓഫീസുകളിൽ രഹസ്യ വിവരങ്ങൾ സംബന്ധിച്ച കണക്കുകളിൽ പൊരുത്തകേടുകൾ കാണപ്പെടുന്നതായും, കേസ് കണ്ടെടുക്കപ്പെട്ട കണക്കുമായി ചേർത്ത് പരിശോധിക്കുമ്പോൾ ഐ.ബി നൽകുന്ന രഹസ്യ വിവരങ്ങളിൽ കൃത്യത കാണുന്നില്ലാ എന്നും, പൊതു ജനങ്ങളിൽ നിന്നും ലഭിയ്ക്കുന്ന പരാതികൾക്ക് പ്രാധാന്യം നൽകുന്നില്ലായെന്നും, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ഇത് സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധിക്കുന്നില്ലാ എന്നും, മേൽനോട്ടം നടത്തി തുടർ നടപടികൾ സ്വീകരിയ്ക്കുന്നില്ലാ എന്നും, മേൽ സൂചന പ്രകാരം അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതും പരിഹാര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ എക്സൈസ് വകുപ്പിന്റെ വിവിധ ഓഫീസുകളിൽ വിവിധ ശ്രോതസുകളിൽ നിന്നും ലഭിക്കുന്ന രഹസ്യ വിവരങ്ങൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

I. **ഐ.ബി ശേഖരിക്കുന്ന രഹസ്യ വിവരങ്ങൾ.**

(1) സംസ്ഥാന ഐ.ബി ഓഫീസിൽ നിന്നും സോണൽ ഐ.ബി യൂണിറ്റുകളിലും നിന്നും ജില്ലാ

ഐ.ബി യൂണിറ്റുകൾക്ക് ലഭിക്കുന്ന ഇൻപുട്ടുകളിൽ ജില്ലാ ഐ.ബി യൂണിറ്റുകൾ ഉടനടി നടപടി സ്വീകരിക്കേണ്ടതും, ഇൻപുട്ടുകൾ ഫീൽഡ് യൂണിറ്റിന് നൽകുന്നുണ്ടെങ്കിൽ ആ വിവരം ഉൾപ്പെടെ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി സംസ്ഥാന ഐ.ബി ഓഫീസിലും സോണൽ ഐ.ബി ഓഫീസുകളിലും ജില്ലാ ഐ.ബി ഓഫീസുകളിലും ബന്ധപ്പെട്ട ഫീൽഡ് ഓഫീസുകളിലും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. സംസ്ഥാന/ മേഖലാ/ ജില്ലാ യൂണിറ്റുകളുടെ രജിസ്റ്ററിന്റെ മാതൃക ചുവടെ ചേർക്കുന്നു.

| ക്രമ നം. | രഹസ്യ വിവരത്തിന്റെ സംക്ഷിപ്തം | ലഭിച്ച തീയതി, സമയം, ചുമതലയുള്ള ഉദ്യോഗസ്ഥൻ | ആരിൽ നിന്നും ലഭിച്ചു (വെളിപ്പെടുത്തുന്നുണ്ടെങ്കിൽ) | നൽകപ്പെട്ട ഓഫീസ് തീയതി, സമയം | പരിശോധന നടത്തിയോ ഇല്ലയോ | കേസ് കണ്ടെടുത്തോ ഇല്ലയോ ( സംക്ഷിപ്ത വിവരം) | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | | | | |

(2) രഹസ്യ വിവരം ലഭിയ്ക്കുന്ന ഫീൽഡ് ഓഫീസുകൾ ആയത് ലഭിച്ച് ഉടൻ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർ നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്. ഫീൽഡ് ഓഫീസ് രജിസ്റ്ററിന്റെ മാതൃക ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലഭിച്ച വിവരത്തിന്റെ സംക്ഷിപ്തം | ലഭിച്ച തീയതി, സമയം, ആരിൽ നിന്ന് | വിവരം രേഖപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ഓഫീസ് മേലധികാരി | വിവരം ആര് അന്വേഷിച്ചു/ ആരെ ചുമതലപ്പെടുത്തി | പരിശോധന നടത്തിയോ ഇല്ലയോ | കേസ് കണ്ടെത്തിയോഇല്ലയോ (സംക്ഷിപ്ത വിവരം) | ഓഫീസ് മേലധികാരിയുടെ അഭിപ്രായ കുറിപ്പ് |
|---|---|---|---|---|---|---|---|---|
| | | | | | | | | |